# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല
ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള
സർവ്വകലാശാല ആക്റ്റും വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2013 സെപ്റ്റംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1986-ലെ 31-ാം ആക്റ്റിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31), 7-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ്

ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

3. 2013-ലെ 24-ാം ആക്റ്റിന്റെ ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 40-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"40. നിയമനങ്ങളുടെ സംവരണം.—അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2014-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് പ്രകാരവും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് പ്രകാരവും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് പ്രകാരവും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് പ്രകാരവും യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.